# മാനന്തവാടി നഗരസഭ

# ബജറ്റ്  2025-26

# ആമുഖം



നഗരവികസനത്തെക്കുറിച്ച് വ്യക്തവും കൃത്യവുമായ കാഴ്ചപ്പാടോടെയാണ് ഈ ഭരണസമിതി മാനന്തവാടിനഗരസഭയുടെ സാരഥ്യം ഏറ്റെത്ത പോകുന്നുത്. പ്രദേശത്തെ ജനങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രയാസങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിനുതന്നെയാണ് ഭരണസമിതി ഏറ്റവും മുഖ്യമായ പരിഗണന നൽകിയിരുന്നത്. ക്രിയാത്മകമായ മാർഗനിർദേശങ്ങൾ എല്ലാ ഭാഗത്തുനിന്നും സ്വീകരിച്ചുകൊണ്ട്, സുതാര്യമായും നീതിയുക്തമായും ഭരണനിർവഹണം കാഴ്ചവയ്ക്കാൻ ഭരണസമിതിക്ക് കഴിഞ്ഞുവെന്ന് അഭിമാനത്തോടെ പറയട്ടെ. ക്ഷേമ പ്രവർത്തനങ്ങൾ മാതൃകാപരമായ രീതിയിൽ നടത്താൻ എല്ലാ കൗൺസിലർമാരും നഗരസഭാ ഓഫീസും ഊർജ്ജസ്വലമായി പ്രവർത്തിച്ചതിന്റെ ഗുണഫലങ്ങൾ വ്യക്തമായി അനുഭവവേദ്യമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന സർക്കാരിന്റെ പദ്ധതികളും ആത്മാർത്ഥമായി നടപ്പിൽ വരുത്തിയതോടൊപ്പം നഗര വികസനം ഉൾപ്പെടെയുള്ള വികസന പദ്ധതികളും കൃത്യമായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. ക്ഷേമപ്രവർത്തനങ്ങൾ മാതൃകാപരമായ നടപ്പാക്കുന്നതിന് എല്ലാ കൗൺസിലർമാരും നഗരസഭ ഓഫീസും കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുണ്ടെന്ന് സ്മരിക്കുന്നു. അഞ്ചാം വർഷത്തിലേക്ക് കടക്കുമ്പോൾ ഇനി ചെയ്യാൻ ബാക്കിയുള്ള കാര്യങ്ങൾ സമീപമായി നടപ്പാക്കാൻ നടപ്പിലാക്കാൻ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്.

മാനന്തവാടി നഗരത്തിന്റെ സമഗ്രമായ വളർച്ചയും വികസനവും മുന്നിൽകണ്ടാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ആ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. നഗരസഭയുടെ എല്ലാ മേഖലകളെയും സ്പർശിച്ചു കൊണ്ടുള്ള ഈ ബജറ്റ് ചർച്ചകളിലൂടെയും ക്രിയാത്മകമായ ഇടപെടലുകളിലൂടെയും കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നു. എല്ലാവരുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവം,
**സി. കെ. രത്നവല്ലി**
(ചെയർപേഴ്സൺ,
മാനന്തവാടി നഗരസഭ)

## ഉള്ളടക്കം


| | |
|---|---|
| | ആമുഖം....................................................................................................... |
| | ബജറ്റ് അവതരണപ്രസംഗം............................................................ |
| I | പൊതുപദ്ധതികൾ.................................................................................... |
| | (പശ്ചാത്തലമേഖല- പൊതുമരാമത്ത് - നഗരാസൂത്രണം) |
| II | കാർഷിക ഉല്പാദനമേഖല................................................................... |
| III | സമഗ്രക്ഷേമ പദ്ധതികൾ...................................................................... |
| IV | വിദ്യാഭ്യാസം, കലാകായിക, സാംസ്കാരികമേഖല................ |
| V | ആരോഗ്യമേഖല ........................................................................................ |
| VI | പട്ടികജാതി പട്ടികവർഗജനവിഭാഗങ്ങളുടെ വികസനം..... |
| VII | മാലിന്യമുക്ത മാനന്തവാടി ................................................................ |
| VIII | ദുരന്തനിവാരണം ......................................................................................... |
| IX | വനിതാവികസനം ........................................................................................ |
| X | യുവജനക്ഷേമം ........................................................................................... |
| XI | വിനോദസഞ്ചാരമേഖല ........................................................................ |
| XII | മാസ്റ്റർ പ്ലാൻ പ്രകാരം വിഭാവനം ചെയ്യുന്ന പ്രധാന |
| | പദ്ധതികളും ദിശാസൂചികകളും .................................................. |
| | ഉപസംഹാരം ................................................................................................ |

**മാനന്തവാടി നഗരസഭാ ഡെപ്യൂട്ടി ചെയർമാനും ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായ ശ്രീ ജേക്കബ് സെബാസ്റ്റ്യന്റെ ബജറ്റ് അവതരണപ്രസംഗം**



പ്രിയമുള്ളവരേ,

മാനന്തവാടി നഗരസഭാ പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങളും ആശയാഭിലാഷങ്ങളും അറിഞ്ഞുകൊണ്ട് ഭരണസമിതി ഏറ്റെടുത്ത നിരവധി പദ്ധതികൾ ലക്ഷ്യപ്രാപ്തി കണ്ടെത്തിയെന്ന ചാരിതാർഥ്യത്തോടെയാണ് ഇവിടെ നിൽക്കുന്നതും മാനന്തവാടി നഗരസഭയുടെ അഞ്ചാമത്തെ ബജറ്റ് പൊതുജനസമക്ഷം അവതരിപ്പിക്കുന്നതും. ആശയതലത്തിൽ മാത്രം നിലനിന്ന പല പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ ഈ ഭരണസമിതിക്ക് കഴിഞ്ഞു. മെച്ചപ്പെട്ട ജലവിതരണം, മികച്ച മാലിന്യ സംസ്കരണം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം തുടങ്ങിയ അടിയന്തിര ആവശ്യങ്ങൾ പരിഹരിക്കുന്നതിനാണ് മുന്തിയ പരിഗണന നഗരസഭ നൽകിയത്. സാമൂഹ്യനീതിയിലധിഷ്ഠിതമായ, ജനക്ഷേമകരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച സാർത്ഥകമായ നാല് വർഷങ്ങളാണ് കടന്നുപോയത്. പ്രതികൂലമായ സാഹചര്യങ്ങളെയും വെല്ലുവിളികളെയും അതിജീവിച്ചു കൊണ്ടാണ് ഈ പ്രവർത്തനങ്ങളത്രയും പൂർത്തിയാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞത്. സാമ്പത്തികപരിമിതികൾ മുതൽ ലോജിസ്റ്റിക് തടസ്സങ്ങൾ വരെ നമുക്ക് നേരിടേണ്ടിവന്നു. പ്രവചനാതീതമായ മട്ടിൽ പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥവ്യതിയാനവും ഈ കാലത്ത് നാമനുഭവിച്ചു. ചൂരൽമല, മുണ്ടക്കൈ ഭാഗങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തം വയനാട് ജില്ലയെ ആകമാനം വലിയ പ്രതിസന്ധിയിലേക്ക് തള്ളിവിട്ടതും നാം കണ്ടു. വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിലേക്ക് അതിക്രമിച്ചു കയറിവന്നതോടെ നിരവധി മനുഷ്യജീവനുകൾ നമുക്ക് നഷ്ടപ്പെടുകയും ചെയ്തു. ഇത്തരം പ്രശ്നങ്ങൾ വയനാടിന്റെ മൊ

ത്തത്തിലുള്ള സാമ്പത്തിക രംഗത്തെ, പ്രത്യേകിച്ച് കാർഷികമേഖല യെയും ടൂറിസം മേഖലയെയും സാരമായി ബാധിച്ചിട്ടുണ്ട്. അതിജീ വനത്തിന്റെയും വീണ്ടെടുപ്പിന്റെയും ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കു ന്ന കാലമാണിത്. ഈ പരിമിതികളെയും പരാധീനതകളെയും മറിക ടക്കാൻ ഭരണസമിതി അചഞ്ചലമായ പ്രതിബദ്ധത പ്രകടിപ്പിക്കുക യും അക്ഷീണം പ്രയത്നിക്കുകയും ചെയ്തിട്ടുണ്ട്. ആത്മാർത്ഥത യോടെയും കാര്യക്ഷമതയോടെയും പ്രവർത്തിക്കാൻ ഈ ഭരണസമി തിക്ക് കഴിഞ്ഞത് ഇവിടുത്തെ നല്ലവരായ ജനങ്ങളുടെ പിന്തുണയും നിർലോഭമായ സഹകരണവും കൊണ്ടുമാത്രമാണ്.

ഇന്ത്യയുടെ ജനാധിപത്യ- മതേതര മൂല്യങ്ങളെയും സാം സ്കാരികമായ വൈവിധ്യങ്ങളെയും അംഗീകരിച്ചുകൊണ്ടു മാത്രമേ ജ നതയെ സമഗ്രപുരോഗതിയിലേക്ക് നയിക്കാൻ കഴിയുകയുള്ളുവെന്ന ഗാന്ധിജിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും മഹത്തായ ആ ദർശങ്ങൾ തിരിച്ചറിയപ്പെട്ട കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്ന ത്. ചുറ്റുപാടും വെറുപ്പ് നുരഞ്ഞു പൊന്തുന്ന വിപണിയിൽ സ്നേഹ ത്തിന്റെ കട തുറക്കാനും സമാധാനത്തോടെയും സന്തോഷത്തോടെ യും ഭാരതമക്കളായി ഇവിടെ ജീവിക്കാനും സ്നേഹവും പരസ്പര വിശ്വാസവും ഐക്യവും വളർത്തിയെടുക്കേണ്ടത് ആവശ്യമാണെന്നും നാമിന്ന് തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇന്ത്യയുടെ വികേന്ദ്രീകൃതവികസ നത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടോടുകൂടി പ്രവർത്തിച്ച നമ്മുടെ പൂർവസൂരികൾ കാണിച്ചുതന്ന വഴികളിലൂടെയാവണം നാം മുന്നേറേ ണ്ടത്. കാർഷിക വ്യാവസായികമേഖലകളിൽ കൂടുതൽ ശ്രദ്ധപതി പ്പിച്ചുകൊണ്ടും വിവരസാങ്കേതികവിദ്യയുടെയും ഡിജിറ്റൽ സാങ്കേ തികവിദ്യയുടെയും പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊ ണ്ടും എല്ലാ ജനവിഭാഗങ്ങളെയും ശാക്തീകരിക്കുക എന്നതാണ് ന മ്മുടെ ലക്ഷ്യം.

ഇന്ത്യയുടെ സാമ്പത്തികവും സാമൂഹികവുമായ പുരോ

ഗതിയെക്കുറിച്ച് സ്വതന്ത്രഇന്ത്യയുടെ രാഷ്ട്രശില്പിയായ ജവഹർലാൽ നെഹ്റു മുതൽ  അടുത്തിടെ അന്തരിച്ച ഡോ മൻമോഹൻസിംഗ് വരെയുള്ളവർ മുൻപോട്ടു  വച്ച ആശയങ്ങൾ ഇന്ന് കൂടുതൽ കൂടുതൽ അംഗീകരിക്കപ്പെട്ടു വരികയാണ്. സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു ക്ഷേമരാഷ്ട്രമാണ് നെഹ്റു വിഭാവനം ചെയ്തത്.  ജനാധിപത്യ ആസൂത്രണം എന്നാൽ വിഭവങ്ങളുടെ വിവേചനരഹിതമായ വിനിയോഗം എന്നാണ് അദ്ദേഹം അർത്ഥമാക്കിയത്.  കാർഷികവികസനത്തിനും വ്യാവസായികവികസനത്തിനും ഒരുപോലെ പ്രാധാന്യം നൽകിയ ഒരു ഭരണകർത്താവായിരുന്നു അദ്ദേഹം.  കുടിൽ വ്യവസായങ്ങൾ മുതൽ വൻവ്യവസായങ്ങൾ വരെ നമ്മുടെ സമ്പദ് വ്യവസ്ഥയെ  നിർണയിക്കുന്നതാകുമെന്ന്  അദ്ദേഹം ചൂണ്ടിക്കാട്ടി.  നെഹ്റുവിയൻ ആശയങ്ങളെ നവസാങ്കേതികവിദ്യയുമായും പുത്തൻ സാമ്പത്തികനയങ്ങളുമായും ബന്ധിപ്പിക്കാൻ പിന്നീട് രാജ്യത്തിന് നേതൃത്വം കൊടുത്ത  രാജീവ് ഗാന്ധിക്കും  മൻമോഹൻസിംഗിനുമൊക്കെ കഴിഞ്ഞിട്ടുണ്ട്.  എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതും ആധുനികവും നവസാങ്കേതികവിദ്യയിൽ മുന്നിട്ടു നിൽക്കുന്നതുമായ  ഒരു ഇന്ത്യയാണ് നമുക്കിന്ന് ആവശ്യം. വികസനത്തിന്റെ നേട്ടം എല്ലാവരിലേക്കും എത്തുന്നതിനു ജനാധിപത്യത്തിലും മതേതരത്വത്തിലും ഊന്നി നിന്നുകൊണ്ട് രാഷ്ട്ര നിർമ്മാണം സാധ്യമാക്കുകയും ചെയ്യേണ്ടതാണ് ഇന്നിന്റെ ആവശ്യം.  രാജീവ് ഗാന്ധി കൊണ്ടുവന്ന പഞ്ചായത്തീരാജ് പോലെയുള്ള വികേന്ദ്രീകൃത വികസനത്തിന്റെ ആശയങ്ങളാണ്  നമ്മുടെ പ്രാദേശികവികസനത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്നത്.

വ്യക്തമായ ലക്ഷ്യബോധത്തോടെയും പ്രതിബദ്ധതയോടെയുമാണ് മാനന്തവാടി  നഗരസഭ അടുത്തൊരു വർഷത്തെ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്.  മാനന്തവാടി നഗരസഭയുടെ ദർശനവും ദിശാബോധവും വ്യക്തമാക്കുന്ന ഒരു ആധികാരിക രേഖയാണിത്. ഏറെ വർഷങ്ങളുടെ ചരിത്രമുള്ള ഈ നഗ

രം ഭൂപരമായ പ്രത്യേകതകൾ കൊണ്ടും അസൗകര്യങ്ങൾ കൊണ്ടും എന്നും വീർപ്പുമുട്ടൽ അനുഭവിച്ചുകൊണ്ടാണ് നിലനിന്നിട്ടുള്ളത്. വികസനത്തിന്റെ പല സാധ്യതകളെയും അടച്ചുകളയുന്ന മട്ടിലുള്ള പ്രതികൂലാവസ്ഥകൾ ഇവിടെ അനവധിയാണ്. അത്തരം പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ചു കൊണ്ടാണ് വികസനമുന്നേറ്റങ്ങൾ കുറെയൊക്കെ നമുക്ക് സാധ്യമായത്. പ്രകൃതിദുരന്തങ്ങൾ, കാർഷികരംഗത്തെ മുരടിപ്പ്, വന്യമൃഗശല്യത്താലുള്ള കൃഷിനാശം എന്നിവയെല്ലാം നമ്മുടെ സമ്പദ് രംഗത്തെ അടിമുടി ഉലച്ചുകളഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള എല്ലാ തരം വെല്ലുവിളികളെയും പരാധീനതകളെയും കൂട്ടായി നേരിട്ടുകൊണ്ട് വികസനത്തിന്റെ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുമെന്ന് നാം തെളിയിച്ചിട്ടുമുണ്ട്. കാർഷികമേഖലയിൽ വിവരസാങ്കേതികവിദ്യയും ഡിജിറ്റൽ സാങ്കേതികവിദ്യയും ഫലപ്രദമായി എങ്ങനെ ഉപയോഗിക്കാമെന്നും നാനാ തുറകളിലുള്ള നമ്മുടെ വികസനത്തിന് നിർമ്മിതബുദ്ധിയുടെ സാധ്യത എ ത്രത്തോളം സഹായകമാണെന്നും നമുക്ക് അന്വേഷിക്കാവുന്നതാണ്.

"നിരന്തരമായി പരിശ്രമത്തിലൂടെ മാത്രമേ ചിരസ്ഥായിയായ എന്തെങ്കിലും നേടിയെടുക്കാൻ നമുക്കാവുകയുള്ളൂ" എന്ന മഹാത്മജിയുടെ പ്രസിദ്ധമായ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് മാനന്തവാടിയെ ശോഭനമായ നാളെയിലേക്ക് നയിക്കാനുള്ള ദൃഢനിശ്ചയത്തോടെ നമുക്ക് മുന്നേറാം. എല്ലാ ജനവിഭാഗങ്ങളുടെയും സമഗ്രവികസനം ഉറപ്പാക്കുന്നതും സാമൂഹികസൗഹാർദ്ദം നിലനിർത്തുന്നതും നമ്മുടെ സാംസ്കാരിക പ്രത്യേകതകളെ അംഗീകരിക്കുന്നതുമായ ഒരു മാനന്തവാടിയായിരിക്കണം നമ്മുടെ ലക്ഷ്യമായിരിക്കേണ്ടത്. ഭാവിയിലെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ്, നമ്മുടെ വികസനസ്വപ്നങ്ങൾക്ക് കരുത്തേകുന്ന മാനന്തവാടി മാസ്റ്റർ പ്ലാൻ നമുക്ക് ഒരു പ്രധാന വഴികാട്ടിയാണ്. കാലം പഠിപ്പിച്ച പാഠങ്ങളിൽ നിന്നും സുസ്ഥിരവികസനത്തിന്റെ പുതിയ കാഴ്ചപ്പാടുകളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് രൂപപ്പെടു

ത്തിയ അഞ്ചാമത്തെ ഈ ബജറ്റ്, മാസ്റ്റർ പ്ലാനിലെ പദ്ധതികളെ കൂടുതൽ ശക്തമാക്കാൻ പര്യാപ്തമായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

## I പൊതുപദ്ധതികൾ
## (പശ്ചാത്തലമേഖല- പൊതുമരാമത്ത് - നഗരാസൂത്രണം)

### 1. സമ്പൂർണ്ണ ഭവനപദ്ധതി 'ഇടം'

മാനന്തവാടി നഗരസഭയിൽ സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ഭരണസമിതി ആവിഷ്കരിച്ച 'ഇടം' ഭവന പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചു എന്നത് ഏറെ അഭിമാനാർഹമാണ്. ഈ പദ്ധതിയിലൂടെ ഏകദേശം 2500 കുടുംബങ്ങൾക്ക് സ്വന്തമായി ഒരു ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതത്തോടൊപ്പം ഹഡ്കോയിൽ നിന്ന് 28 കോടി 78 ലക്ഷം രൂപ നഗരസഭ വായ്പയെടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ തുടർച്ചക്കായി **10 കോടി രൂപ** ബജറ്റിൽ വകയിരുത്തുന്നു.

### 2. പ്രാദേശിക റോഡുകൾ 'സുഗമം' പദ്ധതി

മാനന്തവാടി നഗരസഭയിൽ റോഡുകൾ യാത്രയോഗ്യമാക്കുക എന്നത് ഭരണസമിതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായിരുന്നു. ആ ദൗത്യം ഏറ്റെടുത്തത് 36 ഡിവിഷനുകളിലെയും പ്രാദേശിക റോഡുകൾ നവീകരിക്കുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും ഭരണസമിതിക്ക് സാധിച്ചു. ഇപ്പോഴും നഗരസഭയിലെ വിവിധയിടങ്ങളിൽ റോഡിന്റെ നിർമാണപ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. 2025-26 പദ്ധതികൾ കൂടി നടപ്പിലാക്കുന്നതോടെ സുഗമം പദ്ധതി ഫലപ്രാപ്തിയിൽ എത്തുന്നു. സുഗമം പദ്ധതി നടത്തിപ്പിനായി **12 കോടി രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**3. 'തെളിനീർ അമൃത് 2.0' സമ്പൂർണ്ണ കുടിവെള്ള പദ്ധതി:**

ഭരണസമിതി അധികാരത്തിൽ എത്തിയപ്പോൾ പൊതുജനങ്ങളുടെ അടിസ്ഥാന ആവശ്യം കുടിവെള്ളമായിരുന്നു നഗരസഭാ പരിധിയിൽ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതവും മുനിസിപ്പാലിറ്റിയുടെ വിഹിതവും ഉപയോഗിച്ച് കൊണ്ട് നടപ്പാക്കിയ അമൃത് 2. 0 പദ്ധതി 36 ഡിവിഷനുകളിലെയും കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്തുന്നതിൽ വിജയിച്ചു. വയനാടിന്റെ പ്രിയങ്കരനായ എം പി ശ്രീ രാഹുൽ ഗാന്ധി ഉദ്ഘാടനം ചെയ്ത് അമൃത് 2.0 പദ്ധതി നാടിനു സമർപ്പിച്ചു. ഏകദേശം 4000-ൽ പരം കുടിവെള്ള കണക്ഷൻ ഈ പദ്ധതിയിലൂടെ കൊടുക്കുവാൻ സാധിച്ചു. കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി **ഒരു കോടി രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**4. 'ബ്രൈറ്റ് മാനന്തവാടി' തെരുവുവിളക്ക് സ്ഥാപിക്കൽ:**

2020-ൽ ഈ ഭരണസമിതി അധികാരത്തിൽ വന്നപ്പോൾ മാനന്തവാടി നഗരസഭാ പരിധിക്കുള്ളിൽ തെരുവ് വിളക്കുകൾ അപര്യാപ്തമായിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് 36 ഡിവിഷനുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുകയും പ്രധാനപ്പെട്ട കവലകൾ കേന്ദ്രീകരിച്ച് ലോ മാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. വന്യമൃഗശല്യം രൂക്ഷമായ പയ്യമ്പള്ളി, പഞ്ചാരകൊല്ലി പ്രദേശങ്ങളിൽ കൂടുതൽ തെരുവുവിളക്കുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബ്രൈറ്റ് മാനന്തവാടി പദ്ധതിയുടെ ഭാഗമായി മാനന്തവാടി ടൗണിൽ ഗാന്ധി പാർക്കിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ ടൗൺ സൗന്ദര്യവൽക്കരണത്തിന് തെരുവുവിളക്കുകൾ സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി **ഒരു കോടി രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**5. ഓപ്പൺ സ്റ്റേജ് നിർമ്മാണം**

വയനാട് ജില്ലയിലെ പാഠ്യ-പാഠ്യേതരരംഗത്ത് മികവ് തെളിയിച്ച വിദ്യാലയമാണ് മാനന്തവാടി നഗരസഭയുടെ കീഴിലുള്ള ഗവൺമെൻറ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ. അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്ന ഈ വിദ്യാലയത്തിൽ കുട്ടികളുടെ സമഗ്രപുരോഗതി കൈവരിക്കുന്നതിന് വിദ്യാലയത്തിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സ്കൂളിന്റെ ഭൗതികസൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി ഓപ്പൺ സ്റ്റേജ് നിർമാണത്തിനായി **20 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**6. ഓപ്പൺ സ്റ്റേഡിയം:**

മാനന്തവാടി നഗരസഭയുടെ പരിധിയിലുള്ള ചൂട്ടക്കടവിലെ സ്ഥലത്ത് ഓപ്പൺ സ്റ്റേഡിയം നിർമ്മിക്കുന്നതിലൂടെ കായികപ്രതിഭകളെ വാർത്തെടുക്കാൻ നഗരസഭയ്ക്ക് സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി **ഒരു കോടി രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**7. ജെൻഡർ റിസോഴ്സ് സെൻറർ:**

മാനന്തവാടി നഗരസഭയിൽ ജെൻഡർ സൗഹൃദ അന്തരീക്ഷം ഉണ്ടാക്കുവാനും ലിംഗനീതി ലിംഗസമത്വം എന്നിവ ഉറപ്പുവരുത്തുവാനും ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന ജെൻഡർ റിസോഴ്സ് സെൻററിന്റെ പ്രവർത്തനങ്ങൾക്കായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**8. ബഡ്സ് സ്കൂൾ വാഹനം:**

മാനന്തവാടി നഗരസഭയുടെ കീഴിൽ വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പുരോഗതിക്കായി പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന് വാഹനം വാങ്ങുന്നതിനായി **25 ലക്ഷം** രൂപ ബജറ്റിൽ വകയിരുത്തുന്നു.

**9. ഓപ്പൺ ജിം:**

മാനന്തവാടി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി ഒരു ഓപ്പൺ ജിം ആരംഭിക്കുന്നതിനായി ഈ ബജറ്റിൽ **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**10. നഗരസഭ ഓഫീസ് നിർമ്മാണം:**

മാനന്തവാടി നഗരസഭയ്ക്ക് ആധുനിക രീതിയിലുള്ള ഓഫീസ് സമുച്ചയം നിർമ്മിക്കുക എന്നത് ഭരണസമിതിയുടെ പ്രധാനമായ ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. ഓഫീസ് നിർമ്മാണത്തിന്റെ പ്രാരംഭഘട്ടങ്ങൾ ആരംഭിക്കുന്നതിനും ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനും ഭരണസമിതിക്ക് സാധിച്ചിട്ടുണ്ട്. നഗരസഭാ സേവനങ്ങൾ സുഗമമായ രീതിയിൽ പൊതുജനങ്ങൾക്ക് നൽകുന്ന ഈ പദ്ധതിക്കായി നിലവിൽ 3 കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ടി ഓഫീസിന്റെ പൂർത്തീകരണത്തിനായി ഈ ബജറ്റിൽ **2 കോടി രൂപ** വകയിരുത്തുന്നു.

**11. ഗാന്ധിപാർക്ക് കംഫർട്ട് സ്റ്റേഷൻ:**

മാനന്തവാടി നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന ഗാന്ധി പാർക്കിലെ കംഫർട്ട് സ്റ്റേഷൻ, ഓപ്പൺ സ്റ്റേജ് എന്നിവയുടെ നിർമ്മാണത്തിനായി നടപ്പുവർഷം 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവർത്തിയുടെ പൂർത്തീകരണത്തിനും അനുബന്ധപ്രവർത്തികൾക്കുമായി **50 ലക്ഷം** രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

**12. ആധുനികരീതിയിലുള്ള ഹോൾസെയിൽ മത്സ്യമാർക്കറ്റ്:**

താഴെയങ്ങാടിയിൽ ആധുനികരീതിയിലുള്ള ഹോൾസെയിൽ മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ മത്സ്യ മാർക്കറ്റിന്റെ മാലി

ന്യ സംസ്കരണത്തിനും അനുബന്ധപ്രത്തികളുടെ പൂർത്തികരണത്തിനുമായി ഈ ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**13. വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം:**

മാനന്തവാടി നഗരസഭാ പ്രദേശങ്ങളിലേക്ക് കടന്നുവരുന്ന വന്യമൃഗങ്ങളുടെ ശല്യം പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. തൂക്ക് ഫെൻസിങ്, കൽമതിലുകൾ, എ ഐ സംവിധാനം ഉപയോഗിച്ച് സൈറനുകൾ, വനാതിർത്തിയോടു ചേർന്നു കിടക്കുന്ന ഡിവിഷനുകളിലെ സ്വകാര്യ, പൊതുസ്ഥലങ്ങളിൽ കാടുകൾ വെട്ടി മാറ്റുക, മേൽ ഡിവിഷനുകളിലെ എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലും സ്ട്രീറ്റ് ലൈറ്റുകൾ ഇടുക, വനാതിർത്തിയോട് ചേർന്നുള്ള വിവിധ സ്ഥലങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുക, വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കൃഷിക്കും ആക്രമണത്തിനിരയാകുന്നവരുടെ കുടുംബാംഗങ്ങൾക്കും ആശ്വാസമായി ധനസഹായം നൽകുക തുടങ്ങിയ പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി സംയുക്തമായി നടപ്പാക്കുന്നതിന് നഗരസഭ വിഹിതമായി ഈ ബജറ്റിൽ ഒരു **കോടി രൂപ** വകയിരുത്തുന്നു.

**14. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ പ്രതിരോധം :**

നമ്മുടെ സമൂഹത്തിൽ വലിയ വിപത്തായി വളർന്നുവരുന്ന ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ജനകീയ പ്രതിരോധം തീർക്കാൻ നഗരസഭ വിവിധങ്ങളായ പദ്ധതികൾ തയ്യാറാക്കുന്നു. വീടുകളും സ്കൂളുകളും കേന്ദ്രീകരിച്ചും ഡിവിഷൻ അടിസ്ഥാനത്തിൽ പ്രതിരോധ സേനകൾ രൂപീകരിച്ചും വിവിധ കർമ്മപദ്ധതികൾ നടപ്പിലാക്കും. ഓരോ ഡിവിഷൻ കേന്ദ്രങ്ങളിലും ബോധവൽക്കരണ കലാജാഥ, വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ, വീടുകൾ കേന്ദ്രീകരിച്ച് കൗൺസിലിംഗ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ബജറ്റിൽ **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**15. പാർക്കിംഗ് ഏരിയ:**

മാനന്തവാടി ടൗണിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പരിമിത മായ
സ്ഥലമാണുള്ളത്. ടൗൺ പ്രദേശത്ത് ലഭ്യമാകുന്ന പൊതു/ സ്വകാര്യ സ്ഥലങ്ങളിൽ (കോഴിക്കോട് റോഡ്, മൈസൂർ റോഡ്, താഴെയങ്ങാടി, എരുമ തെരുവ് ,അമ്പുകുത്തി) വാഹനങ്ങൾ പാർക്ക് ചെയ്യാൻ സൗക ര്യങ്ങൾ ഒരുക്കുന്നതിന് ഈ ബജറ്റിൽ **25 ലക്ഷം** രൂപ വകയിരുത്തു ന്നു.

**16. കണ്ടെയ്നർ ടോയ്ലറ്റ്**

കോഴിക്കോട് റോഡിൽ കണ്ടെയ്നർ ടോയ്ലറ്റ് സ്ഥാപിക്കുന്നതിന് **10 ലക്ഷം** രൂപ വകയിരുത്തുന്നു.

**17. സിമ്മിംഗ് പൂൾ നിർമ്മാണം:**

മാനന്തവാടി നഗരസഭയിലെ കുട്ടികൾക്കും യുവതി യുവാക്കൾക്കും മുതിർന്നവർക്കും നീന്തൽ പഠിക്കുന്നതിനും നീന്തൽതാരങ്ങൾക്ക് പരി ശീലനം നൽകുന്നതിനും സൗകര്യപ്രദമാകുന്ന സിമ്മിംഗ് പൂൾ നിർ മ്മിക്കുന്നതിന് ഈ ബജറ്റിൽ **ഒരു കോടി രൂപ** വകയിരുത്തുന്നു.

**18. ടൗൺ സൗന്ദര്യവൽക്കരണം**

കൃത്യമായ പ്ലാനിങ് ഇല്ലാതെ വികസിച്ചുവന്നതുകൊണ്ട് സ്ഥലപ രിമിതികളാൽ വീർപ്പുമുട്ടുന്ന ഒരു നഗരമാണ് മാനന്തവാടി. വർഷങ്ങൾ ക്കു മുമ്പ് മാനന്തവാടി എന്ന സ്ഥലം രൂപപ്പെടുമ്പോൾ പ്രദേശത്ത് ജ നസാന്ദ്രത വളരെ കുറവായിരുന്നു. നിലവിലുള്ള സ്ഥല പരിമിതികൾ ക്കുള്ളിൽ വളർന്ന നഗരമായതിനാൽ കൃത്യമായ പദ്ധതിയോടുകൂടി നഗരവികസനം സാധ്യമാക്കാൻ നഗരസഭയ്ക്ക് ഏറെ ബുദ്ധിമുട്ടാണ് എന്നത് വസ്തുതയാണ്. ഭരണസമിതി ചുമലത ഏൽക്കുമ്പോൾ മാന ന്തവാടിയുടെ ഭൗതികവികസനം മുഖ്യ പരിഗണനയിൽ ഉണ്ടായിരുന്നു.

മുൻവർഷങ്ങളിലെ തീരുമാനങ്ങളുടെയും കാഴ്ചപ്പാടുകളുടെയും അടിസ്ഥാനത്തിൽ നഗരത്തെ മോടിപിടിപ്പിക്കുന്നതിന് ഭരണസമിതി പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതിക്കായി **ഒരു കോടി രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**19. ആശാവർക്കർമാർക്ക് ഇൻഷുറൻസ് പരിരക്ഷ:**

ഒരു പ്രദേശത്തെ ജനങ്ങളുടെ സമഗ്രമായ ക്ഷേമത്തിനായി പ്രവർത്തിക്കുന്നവരാണ് ആശാവർക്കർമാർ. മാനന്തവാടി നഗരസഭയിലെ 36 ഡിവിഷനുകളിലും ആശാവർക്കർമാരുടെ സേവനം സ്തുത്യർഹമായ രീതിയിൽ നടന്നുവരുന്നു. കോവിഡ് കാലത്ത് ആശാവർക്കർമാർ നൽകിയ സേവനം എടുത്തു പറയേണ്ടതാണ്. ഇത്തരത്തിൽ സാമൂഹ്യ സേവനം നിർവഹിക്കുന്ന ആശാവർക്കർമാർക്ക് ആരോഗ്യപരിരക്ഷ, , സാമ്പത്തികപരിരക്ഷ എന്നിവ ഉറപ്പുവരുത്തുന്ന ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. 2025-26 വാർഷിക ബജറ്റിൽ **2 ലക്ഷം രൂപ** ഇതിനായി വകയിരുത്തുന്നു.

**20. മേഖലാ ഓഫീസുകൾ:**

പയ്യമ്പള്ളി, പിലാക്കാവ് പ്രദേശങ്ങളിലെ ജനങ്ങൾക്ക് നഗരസഭയുടെ സേവനം ലഭിക്കുന്നതിൽ വളരെ ദൂരം യാത്ര ചെയ്യേണ്ടതായിട്ടുണ്ട് എന്ന സാഹചര്യവും ബുദ്ധിമുട്ടും മനസ്സിലാക്കിക്കൊണ്ട് ഭരണസമിതി ലക്ഷ്യമിട്ട പദ്ധതിയായിരുന്നു സബ് ഓഫീസുകളുടെ നിർമ്മാണം. ഭരണസമിതി ചുമതലയേറ്റ ആദ്യ വർഷം തന്നെ പയ്യമ്പള്ളിയിലെ വാടകകെട്ടിടത്തിൽ മേഖലാ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. പിന്നീട് നഗരസഭയ്ക്ക് ഇളയിടം കുടുംബം സൗജന്യമായി നൽകിയ സ്ഥലത്ത് മേഖലാ ഓഫീസിന്റെ കെട്ടിട നിർമ്മാണപ്രവൃത്തികൾ തുടങ്ങുകയും സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തു. പിലാക്കാവിൽ മേഖല ഓഫീസ് ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഈ

മേഖലാ ഓഫീസുകളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും അനുബന്ധപ്രവർത്തികൾ നടത്തുന്നതിനും ഈ ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**21. രാജീവ് ഗാന്ധി ഹെൽത്ത് ആൻഡ് വെൽനസ് സെന്ററിന് പുതിയ കെട്ടിടം:**

പയ്യമ്പള്ളിയിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി ഹെൽത്ത് ആൻഡ് വെൽനസ് സെന്ററിന്റെ സേവനങ്ങൾ പ്രദേശത്തെ ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാണെന്നും അത് വളരെ വിജയകരമായി മുന്നേറുന്നുവെന്നതും ഭരണസമിതിക്ക് അഭിമാനകരമാണ്. കേരളത്തിൽ ഈ ഹെൽത്ത് സംവിധാനം ആവിഷ്കരിച്ച ആദ്യത്തെ ഹെൽത്ത് ആൻഡ് വെൽനസ് സെൻറർ ഇതാണ്. ആതുരസേവനത്തിൽ മികച്ച മാതൃകയായ സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി **50 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**22. തെരുവുകച്ചവടക്കാരുടെ പുനരധിവാസം:**

മാനന്തവാടി നഗരസഭയിൽ തെരുവു കച്ചവടക്കാരുടെ ജീവിത സാഹചര്യങ്ങളും കച്ചവട സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ഭരണസമിതി വിഭാവനം ചെയ്യുന്നു. മാനന്തവാടി നഗരത്തിലെ വിവിധയിടങ്ങളിൽ തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിലൂടെ 600 ൽപരം തെരുവ് കച്ചവടക്കാരുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയും. ഈ പദ്ധതിക്കായി **25 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**23. നഗരസഭയുടെ വിവിധ ആവശ്യങ്ങൾക്ക് സ്ഥലമെടുപ്പ്:**

മാനന്തവാടി നഗരസഭയ്ക്ക് ഗ്രാമീണകളിസ്ഥലങ്ങൾ, ഗ്രാമച്ചന്തകൾ തുടങ്ങിയ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾക്ക് സ്ഥലമെടുക്കുന്നതിനായി ഈ ബജറ്റിൽ **ഒരുകോടി രൂപ** വകയിരുത്തുന്നു.

**24. അയ്യങ്കാളി തൊഴിൽദാനപദ്ധതി:**

ഭരണസമിതി ചുമതലയേറ്റ ആദ്യ വർഷത്തിൽതന്നെ നഗരസഭയിലെ പാവപ്പെട്ട കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി വ്യക്തമായ കാഴ്ചപ്പാടോടെ നടപ്പാക്കിയ പദ്ധതിയാണ് അയ്യങ്കാളി തൊഴിൽദാനപദ്ധതി. ഈ പദ്ധതിയിലൂടെ മാനന്തവാടി നഗരസഭാപരിധിയിൽ, 36 ഡിവിഷനുകളിൽ ആക്ഷൻ പ്ലാൻ പ്രകാരമുള്ള തൊഴിലുറപ്പ് ദിനങ്ങൾ നൽകാൻ കഴിഞ്ഞു വെന്നത് തൊഴിലാളികൾക്ക് ഏറെ ആശ്വാസകരമാണ്. കേരളത്തിൽ ആദ്യമായി അയ്യങ്കാളി തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീര കർഷകർക്ക് തൊഴിൽ നൽകുന്ന ഏക നഗരസഭയാണ് മാനന്തവാടി നഗരസഭ. 2025-26 ആക്ഷൻ പ്ലാനിൽ ഈ പദ്ധതിക്കായി **20 കോടി രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**25. ഭവന-നവീകരണ പദ്ധതി:**

മാനന്തവാടി നഗരസഭയിലെ മുഴുവൻ ഡിവിഷനുകളിലേയും ജനറൽ വിഭാഗത്തിൽപ്പെട്ട അർഹരായ വ്യക്തികൾക്ക് വീടുകൾ നവീകരിക്കുന്നതിനുള്ള പദ്ധതിയിലൂടെ നിരവധി വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താൻ ഭരണസമിതിക്ക് കഴിഞ്ഞു. നിലവിൽ ഭവന നവീകരണ പദ്ധതികൾ ഫലപ്രദമായ രീതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഈ പദ്ധതിക്കായി **40 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**26. ആസ്തി രജിസ്റ്റർ പുതുക്കൽ:**

ഭരണസമിതി ചുമതലയേറ്റ വർഷം മുതൽ തന്നെ നഗരസഭയിലെ ആസ്തി രജിസ്റ്റർ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. ഇതിന്റെ ഭാഗമായി പ്രത്യേകം ട്രെയിനിങ് ലഭിച്ച ഉദ്യോഗാർത്ഥികളുടെ സേവനം ഉപയോഗിച്ച് ഡാറ്റ പ്രോസസിംഗ് നടത്തിയിരുന്നു. ആസ്തി രജിസ്റ്റർ പുതുക്കുന്നതിനായി **3 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**27. ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കൽ:**

ഒരു നാടിന്റെ ജൈവവൈവിധ്യം കാത്തുപരിപാലിക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾക്ക് നിർണായകമായ പങ്കുവഹിക്കാൻ കഴിയും. ജൈവവൈവിധ്യം കൊണ്ട് അനുഗ്രഹീതമായ ഒരു പ്രദേശമാണ് മാനന്തവാടി നഗരസഭ. കാലങ്ങളിലൂടെ ഒട്ടേറെ മാറ്റങ്ങൾ ജൈവവൈവിധ്യത്തിൽ സംഭവിക്കുന്നുണ്ട്. നമ്മുടെ ആവാസവ്യസ്ഥയിലും ജൈവവൈവിധ്യത്തിലുണ്ടാകുന്ന മാറ്റങ്ങൾ കൃത്യമായി അറിയുന്നതിനും രേഖപ്പെടുത്തുന്നതിനും മാനന്തവാടി നഗരസഭയിൽ സൂക്ഷിക്കുന്ന ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കുന്നതിനായി ഈ ബജറ്റിൽ **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**28. എൽ എഫ് സ്കൂളിന് സമീപം ബസ് സ്റ്റാൻഡ് കം മിനി കോംപ്ലക്സ് ഷോപ്പിംഗ് മാൾ:**

മാനന്തവാടി ലിറ്റിൽ ഫ്ലവർ സ്കൂളിന് സമീപത്തായി ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ബസ് സ്റ്റാൻഡ് അപകടാവസ്ഥയിലാണ്. ആയതിനാൽ പുതിയ ബസ്റ്റാൻഡ് കം മിനി ഷോപ്പിംഗ് കോംപ്ലക്സ് പണികഴിപ്പിക്കേണ്ടത് വളരെയേറെ അത്യന്താപേക്ഷിതമാണ്. നിലവിലെ ബസ്റ്റാൻഡിൽ ബസ് പാർക്ക് ചെയ്യുന്ന സ്ഥലത്ത് ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് മാൾ പദ്ധതിക്കായി ബജറ്റിൽ **10 കോടി രൂപ** വകയിരുത്തുന്നു.

**29. വസ്തു നികുതി പരിഷ്കരണം:**

മാനന്തവാടി നഗരസഭ, ഗ്രാമപഞ്ചായത്തായിരുന്ന കാലഘട്ടം മുതൽ വസ്തുനികുതി പരിഷ്കരണത്തിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിന് കൃത്യമായ വിവരശേഖരണം നടത്തുന്നതിന് ഇനിയുമറേറ്റർമാരെ നിയമിച്ചുകൊണ്ട് നഗരസഭയിലെ വീടുകളുടെയും വാണിജ്യ കെട്ടിടങ്ങളുടെയും അളവുകൾ തിട്ടപ്പെടുത്തുകയും 640 സ്ക്വയർ

ഫീറ്റിന് താഴെയുള്ള ഭവനങ്ങളുടെ നികുതി ഒഴിവാക്കുകയും ബാക്കിയുള്ള കെട്ടിടങ്ങളുടെ നികുതി തിട്ടപ്പെടുത്തി സുതാര്യമായ രീതിയിൽ പ്രശ്നം പരിഹരിച്ച് നടപടി സ്വീകരിക്കുന്നു. വസ്തു നികുതി പരിഷ്കരണം കാര്യക്ഷമമായ രീതിയിൽ നടപ്പിൽ വരുത്താൻ **30 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**30 മുൻസിപ്പൽ ടൗൺ ഹാൾ നിർമ്മാണം:**

മാനന്തവാടി മുൻസിപ്പാലിറ്റിയിലെ ശാന്തിതീരത്തിന് സമീപത്തുള്ള രണ്ടേക്കർ സ്ഥലത്ത് മുൻസിപ്പൽ ടൗൺഹാൾ നിർമ്മിക്കുന്നതിനുവേണ്ടി **5 കോടി 75 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**31. അംബേദ്കർ സ്ക്വയർ നിർമ്മാണം:**

മാനന്തവാടി നഗരത്തിന്റെ ഹൃദയഭാഗത്ത് അംബേദ്കർ റോഡ് എരുമതെരുവിലേക്ക് പ്രവേശിക്കുന്നിടത്ത് അംബേദ്കർ സ്ക്വയർ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

**32. പയ്യമ്പള്ളി ആയുർവേദ ആശുപത്രിക്ക് കെട്ടിടനിർമ്മാണം:**

മാനന്തവാടി നഗരസഭയുടെ കീഴിലുള്ള പയ്യമ്പള്ളിയിലെ ആയുർവേദ ആശുപത്രി കെട്ടിടം ജീർണാവസ്ഥയിലാണുള്ളത്. ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണത്തിനായി ഈ ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**33. മുൻസിപ്പൽ ബസ് സ്റ്റാൻഡ് :**

മാനന്തവാടി നഗരസഭയുടെ മാസ്റ്റർ പ്ലാനിൽ പ്രതിപാദിച്ചിരിക്കുന്ന താഴെയങ്ങാടിയിലെ നിർദിഷ്ട മുൻസിപ്പൽ ബസ് സ്റ്റാൻഡിന്റെ നിർമ്മാണപദ്ധതിക്കായി 2 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു.

**34. മിത്ര ബഡ്സ്കൂളിന് കെട്ടിടനിർമ്മാണം:**

കുറ്റിമൂലയിൽ താൽക്കാലിക കെട്ടിടത്തിൽ നിരവധി അസൗകര്യങ്ങളോടുകൂടിയാണ് നിലവിൽ മിത്ര ബഡ്സ്കൂൾ പ്രവർത്തിക്കുന്നത്. ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയൊരു കെട്ടിടം ബഡ്സ്കൂളിന് അനിവാര്യമാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

**35. സ്കൗട്ട് ആൻഡ് ഗൈഡ് ഓഫീസിൽ** ടോയ്ലറ്റ് നിർമാണത്തിനായി **15 ലക്ഷം** രൂപ വകയിരുത്തുന്നു.

**36.** മാനന്തവാടി നഗരസഭയിലെ ടാക്സി കാറുകൾക്ക് സ്റ്റാൻഡ് നിർമിക്കുന്നതിനായി **10 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**37.** പുതുതായി നിർമ്മിക്കുന്ന നഗരസഭാ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**38. അയ്യങ്കാളി തൊഴിൽദാന തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷുറൻസ് :**

മാനന്തവാടി നഗരസഭയുടെ കീഴിലുള്ള അയ്യങ്കാളി തൊഴിൽദാന തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷുറൻസ് അപകടങ്ങളിൽ നിന്നുള്ള പരിരക്ഷ നൽകുന്നതിനായി ഈ ബജറ്റിൽ 10 **ലക്ഷം രൂപ** വകയിരുത്തുന്നു.

**39.** അംഗൻവാടികളുടെ അറ്റകുറ്റപണികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി **50 ലക്ഷം രൂപ** ഈ ബറ്റിൽ വകയിരുത്തുന്നു.

## II കാർഷികമേഖല

മലയോരജനതയുടെ ജീവിതത്തിന്റെ ആശകളും പ്രതീക്ഷകളും നിറവേറുന്നത് കാർഷികമേഖലയിൽ നിന്ന് ലഭിക്കുന്ന ഉൽപ്പ

ന്നങ്ങളിലൂടെയാണ്. നൂതനസാങ്കേതികവിദ്യകൾ കാർഷികമേഖലയ്ക്ക് ഏറെ മാറ്റങ്ങൾ കൊണ്ടുവരുന്ന ഈ കാലഘട്ടത്തിൽ മാനന്തവാടി നഗരസഭ നിരവധിയായ പദ്ധതികളിലൂടെ കർഷകർക്ക് താങ്ങായി നിൽക്കുന്നുവെന്നത് ഏറെ അഭിമാനകരമാണ്. 2025- 26 വാർഷിക ബജറ്റിൽ കാർഷികമേഖലയ്ക്ക് ഏറെ പ്രാധാന്യം നൽകുന്ന നൂതന പദ്ധതികൾ വിഭാവനം ചെയ്യുന്നു. കാർഷികമേഖലയിൽ ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്ന വന്യമൃഗശല്യം, കാലാവസ്ഥാ വ്യതിയാനം എന്നിവ മറികടക്കുന്നതിന് ആവശ്യമായകർഷക സൗഹൃദ പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. നെൽകൃഷി കൂലിച്ചെലവ് സബ്സിഡിക്കായി **50 ലക്ഷം** രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.
2. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തികസഹായത്തോടെ ആധുനിക സൗകര്യങ്ങളോടുകൂടിയ കൃഷിഭവൻ കെട്ടിടനിർമ്മാണത്തിനായും തൈകളുടെ സംഭരണസംവിധാനം ഒരുക്കുന്നതിനുമായി ഒരു കോടി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.
3. നഗരസഭാപരിധിയിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി കാർഷിക ഉത്പാദനമേഖലയ്ക്ക് ഉണർവ് നൽകുന്ന പദ്ധതിക്കായി **5 ലക്ഷം** രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.
4. ക്ഷീരകർഷകർക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെ ലഭിച്ച സാമ്പത്തിക സഹായം ഏറെ പ്രശംസനീയമാണ്. കേരളത്തിൽത്തന്നെ ക്ഷീരകർഷകർക്ക് തൊഴിലുറപ്പു നൽകിയ ഏക നഗരസഭ എന്ന ഖ്യാതി മാനന്തവാടി നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നഗരസഭാപരിധിയിലെ ക്ഷീരകർഷകർക്ക് വളരെ ആശ്വാസകരമാണ് എന്ന മനസിലാക്കുന്നതുകൊണ്ട് 2025-26 വാർഷികബജറ്റിൽ ഈ പദ്ധതിക്കായി **ഒരു കോടി രൂപ** വകയിരുത്തുന്നു.
5. ക്ഷീരകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി പാലിന് ഉൽപാദന ബോണസ് നൽകുന്നതിനായി **50 ലക്ഷം രൂപ** ഈ ബജ

റ്റിൽ വകയിരുത്തുന്നു.

6. മുൻവർഷങ്ങളിൽ ഡിവിഷൻ തലത്തിൽ വിജയകരമായി പൂർത്തീകരിച്ച പദ്ധതിയാണ് കാലിത്തൊഴുത്തു നവീകരണം. നഗരസഭാപരിധിയിലെ പാവപ്പെട്ട ക്ഷീരകർഷകർക്ക് കാലിത്തൊ ഴുത്തു നവീകരണം എന്ന പദ്ധതി കൃത്യമായി നിർവഹിക്കാൻ കഴിഞ്ഞിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2025-26 വർഷത്തെ ബജറ്റിൽ നിശ്ചിത പദ്ധതിക്കായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

7. കർഷകർക്ക് ട്രോളി, പമ്പ് സെറ്റുകൾ എന്നിവ നൽകുന്നതിലേക്കായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

8. മാനന്തവാടി നഗരസഭയിലെ കർഷകരുടെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ എരുമത്തെരുവിലുള്ള നഗരസഭയുടെ കെട്ടിടത്തിൽ കാർഷികചന്ത ആരംഭിക്കുന്നതിനായി ഈ ബജറ്റിൽ **20 ലക്ഷം രൂപ** വകയിരുത്തുന്നു.

9. മൃഗസംരക്ഷണമേഖലയ്ക്ക് കൂടുതൽ പരിഗണന നൽകുന്നതിനായി മൊബൈൽ വെറ്റിനറി ക്ലിനിക്കുകൾ ആരംഭിക്കുന്നതിനായി **20 ലക്ഷം** രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

10. മത്സ്യകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി മുറ്റത്തൊരു മീൻ തോട്ടം പദ്ധതിക്കായി പദ്ധതിക്കായി **3 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

11. കാർഷികമേളകൾ നടത്തുന്നതിനായി **5 ലക്ഷം** രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

12. കർഷകദിനാചരണത്തിന്റെ ഭാഗമായി കാർഷികമേഖലയിൽ കഴിവുതെളിയിച്ച വ്യക്തികളെ ആദരിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി മാനന്തവാടി നഗരസഭ എല്ലാ വർഷവും ചിങ്ങം ഒന്നിന് കർഷകദിനം വിപുലമായ പരിപാടികളോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. 2025-26 വർഷത്തിൽ ഈ പദ്ധതിക്കായി **2 ലക്ഷം രൂപ** വകയിരുത്തുന്നു.

## III സമഗ്രക്ഷേമ പദ്ധതികൾ

മാനന്തവാടി നഗരസഭ വിവിധങ്ങളായ സമഗ്രക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ മുൻവർഷങ്ങളിൽ സത്വരശ്രദ്ധ പതിപ്പിച്ചിരുന്നു. 2025 -26 വാർഷിക ബജറ്റിൽ വിവിധ വിഭാഗങ്ങളിലുൾപ്പെട്ടവർക്കായി സമഗ്രക്ഷേമ പദ്ധതികൾ വിഭാവനം ചെയ്യുന്നു. ദുർബല വിഭാഗങ്ങളുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു:

**1. വയോജന ഉല്ലാസയാത്ര:** ജീവിതത്തിന്റെ സായന്തനത്തിൽ തൊഴിലിൽ നിന്ന് വിരമിച്ചവരും വീട്ടിൽ ഒറ്റപ്പെട്ടവരും അവരുടെതായ ലോകം സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ വയോജനങ്ങളുടെ സമഗ്ര പുരോഗതിക്കായി മാനന്തവാടി നഗരസഭ നിരവധി പദ്ധതികൾ മുന്നോട്ടുവയ്ക്കുന്നു. വയോജനങ്ങൾക്ക് യാത്ര ആസ്വദിക്കുന്നതിനും വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും അവസരം ഒരുക്കുന്ന വയോജന ഉല്ലാസ യാത്ര എന്ന പദ്ധതിക്കായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**2. വയോജനങ്ങൾക്ക് സൗജന്യ നേത്രരോഗ നിർണയ ക്യാമ്പും മരുന്ന് വിതരണവും കണ്ണട വിതരണവും:** മാനന്തവാടി നഗരസഭ വളരെ വിജയകരമായി നടത്തിവരുന്ന പദ്ധതികളാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**3. സ്നേഹസ്പർശം:** മാനന്തവാടി നഗരസഭയിലെ കിടപ്പുരോഗികൾ, കിഡ്നി രോഗികൾ എന്നിവർക്ക് നൽകിവരുന്ന ഭക്ഷണകിറ്റ് വിതരണം പാവപ്പെട്ട കുടുംബങ്ങൾക്ക് ഏറെ ആശ്വാസകരകമാണ്. സ്നേഹസ്പർശം പദ്ധതി നടപ്പാക്കുന്നതിനായി **20 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**4. അതി ദരിദ്ര ലഘൂകരണ** പദ്ധതിക്കായി **ഒരു കോടി രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**5.** അംഗൻവാടി കുട്ടികളുടെ കലാഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനും രംഗത്ത് അവതരിപ്പിക്കുന്നതിനുമായി കലോത്സവം സംഘ

ടിപ്പിക്കുന്നതിനുമായി **50,000 രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**6.** അംഗൻവാടി പോഷകാഹാരം വിതരണപദ്ധതിക്കായി **2 കോടി രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**7.** വിഭിന്നശേഷിവിഭാഗത്തിൽ പെട്ടവർക്ക് ശാരീരിക മാനസിക ഉല്ലാസത്തിനുതകുന്ന തരത്തിലുള്ള വിഭിന്നശേഷിപാർക്ക് നിർമ്മാണത്തിനായി **20 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**8.** വിഭിന്നശേഷി വിഭാഗത്തിൽപെട്ടവർക്ക് വ്യത്യസ്ത രീതിയിലുള്ള പരിശീലനപരിപാടികൾ വിവിധ തൊഴിൽ മേഖലയിൽ നൽകുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**9.** വിഭിന്നശേഷിക്കാരായ സ്വയംതൊഴിൽ സംരംഭകർക്ക് മുച്ചക്രവാഹനം നൽകൽ പദ്ധതിക്കായി **20 ലക്ഷം** രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

10. പകൽവീട് നടത്തിപ്പിനായി **5 ലക്ഷം** രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

## IV വിദ്യാഭ്യാസം, കലാ-കായിക സാംസ്കാരിക മേഖല

മനുഷ്യചരിത്രത്തിലെ സമഗ്രമായ മാറ്റങ്ങൾക്ക് വഴിതെളിച്ചത് വിദ്യാഭ്യാസത്തിലൂടെ നേടിയ സാംസ്കാരിക ഉണർവായിരുന്നുവെന്ന് നമുക്ക് അറിവുള്ളതാണ്. പിന്നോക്ക ജില്ലയായ വയനാടിന്റെ സാംസ്കാരിക പുരോഗതിയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസമേഖലയിൽ വയനാടിനെ ഇത്രമേൽ ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചതിൽ തദ്ദേശസ്ഥാപനങ്ങൾക്ക് വലിയ തോതിൽ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. മാനന്തവാടി നഗരസഭയുടെ പരിധിയിൽ ഉൾപ്പെടുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സമഗ്ര പുരോഗതിക്കുതകുന്ന നിരവധി പ്രവർത്തനങ്ങൾ ഭരണസമിതി

കാലാകാലങ്ങളായി നടപ്പിലാക്കി വരുന്നുണ്ട്. മാനന്തവാടി നഗരസഭ 2025- 26 വാർഷികബജറ്റിൽ നൂതനവിദ്യാഭ്യാസപദ്ധതികൾക്ക് ഊന്നൽ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്.

**1. ഗവൺമെൻറ്/എയ്ഡഡ് സ്കൂളുകളുടെ നവീകരണവും അടിസ്ഥാനസൗകര്യ വികസനവും:** മുൻസിപ്പൽ പരിധിയിലുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനപദ്ധതിയിൽ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വികസനവും നവീകരണവും, ടോയ്ലറ്റ് ബ്ലോക്കുകൾ, ഫർണിച്ചർ, ഉച്ചഭക്ഷണ പാത്രങ്ങൾ, എന്നിവ ഒരുക്കുന്ന പദ്ധതിക്കായി **ഒരു കോടി രൂപ** വകയിരുത്തുന്നു.

**2.** മാനന്തവാടി ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ് പദ്ധതിക്കായി **30 ലക്ഷം** രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

**3. സ്കൂൾ പ്രവേശനോത്സവം:** നവാഗതരായ ഒന്നാം ക്ലാസ് വിദ്യാർത്ഥികളെ സ്കൂളിലേക്ക് സ്വീകരിക്കുന്ന പദ്ധതിക്കായി **4 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**4. എസ് എസ് എ വിഹിതം നൽകൽ:** എസ് എസ് എ വിഹിതം നൽകുന്നതിനായി **20 ലക്ഷം** രൂപ വകയിരുത്തുന്നു.

**5. സ്പേസ് (SPACE) പദ്ധതി തുടർച്ച :** മോഡൽ ഇൻഡിക്കേറ്റഡ് എഡ്യൂക്കേഷൻ ഫോർ ഡിഫറെൻറലി ഏബിൽഡ് ചിൽഡ്രൻ റിസോഴ്സ് റൂം (സ്പേസ്) നിർമ്മാണത്തിലൂടെ അതിതീവ്ര ശാരീരികവൈകല്യം അനുഭവിക്കുന്ന കുട്ടികൾക്ക് സ്കൂൾ പഠനാനുഭവം നൽകുന്ന പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി **5 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**6. സ്പോർട്സ് അക്കാദമി** തുടർ പ്രവർത്തനങ്ങൾക്കായി **15 ലക്ഷം**

രൂപ വകയിരുത്തുന്നു.

**7. സ്പോർട്സ് കിറ്റ് വിതരണം:** സ്കൂളുകളിലും രജിസ്റ്റേർഡ് ക്ലബ്ബുകളിലും സ്പോർട്സ് കിറ്റ് വിതരണത്തിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**8. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം** നൽകുന്ന പദ്ധതിക്കായി **25 ലക്ഷം** രൂപ ബജറ്റിൽ വകയിരുത്തുന്നു.

**9. പഠനക്യാമ്പ്** എസ്എസ്എൽസി, പ്ലസ് വൺ, പ്ലസ് ടു വിദ്യാർഥികൾക്ക് പഠനക്യാമ്പ് നടത്തുന്നതിനായി **10 ലക്ഷം** രൂപ വകയിരുത്തുന്നു.

**10.** എസ് പി സി ക്യാമ്പിന് **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**11.** വായനശാല, ക്ലബ്ബുകൾ എന്നിവയ്ക്ക് ഫർണിച്ചർ, കപ്യൂട്ടർ അനുബന്ധഉപകരണ ങ്ങൾ എന്നിവ വാങ്ങുന്നതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**12. ദിനപത്രവിതരണം:** മാനന്തവാടി മുൻസിപ്പൽ പരിധിയിലുള്ള സ്കൂളുകൾ, വായനശാലകൾ എന്നിവയ്ക്ക് പത്രവിതരണ പദ്ധതിക്കായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**13.** ഗവണ്മെന്റ് സ്കൂളുകളുടെ മുറ്റം ഇന്റർലോക്ക് ചെയ്യുന്ന പദ്ധതിക്കായി **20 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**14.** ഹയർസെക്കൻഡറി സ്കൂളുകളിൽ ലൈബ്രേറിയൻമാരെ നിയമിക്കാൻ **2.5 ലക്ഷം** രൂപ വകയിരുത്തുന്നു.

**15.** സ്കൂളുകളിൽ കലാ-കായികാധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഈ ബജറ്റിൽ **15 ലക്ഷം രൂപ** വകയിരുത്തുന്നു.

**16. റീച് (REACH)** റിസോഴ്സസ് ആൻഡ് എജുക്കേഷൻ ഫോർ ദി അഡ്വാൻസ്മെൻറ് ഓഫ് കരിയേർസ് ടു ഹൈസ്കൂൾ ആൻഡ് ഹയർ സെക്കൻഡറി സ്റ്റുഡൻസ്: ഹൈസ്കൂൾ, ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കുവേണ്ടി CUET, NEET, JEE, KEAM, സിവിൽ സർവീസ് പി എസ് സി, യു പി എസ് സി തുടങ്ങിയ പരീക്ഷകൾക്കു വേണ്ടിയുള്ള ഓറിയന്റേഷനും പരിശീലനവും സ്കൂൾതലത്തിൽ നൽകുന്നതിനുള്ള റീച് പദ്ധതിക്കായി **10 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**17. പഴശ്ശി ദിനാചരണം:** പുതുതലമുറയ്ക്ക് വീരപഴശ്ശിയുടെ സ്മരണകൾ പകർന്നു നൽകുന്നതിൽ ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും വിവിധ പരിപാടികളിലൂടെ പഴശ്ശി ദിനാചരണം സമുചിതമായി കൊണ്ടാടുന്നതിനായി **3 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**18. നങ്കമക്ക ഗോത്രഫെസ്റ്റ്:** പാർശ്വവൽക്കരിക്കപ്പെട്ട വയനാടൻ ഗോത്രജനതയെ ഒപ്പം നിർത്താനും ഗോത്രജനവിഭാഗങ്ങളുടെ കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പുനരുജ്ജീവനം നൽകാനും ഗോത്രവിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ലക്ഷ്യമിട്ട് മാനന്തവാടി നഗരസഭ നടപ്പിലാക്കിവരുന്ന ഗോത്രഫെസ്റ്റ് കൂടുതൽ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധനേടുകയാണ്. വയനാട്ടിലെ ഗോത്രസമുദായത്തിന്റെ തനത് കലാരൂപങ്ങളെ കോർത്തിണക്കുന്ന ഗോത്ര ഫെസ്റ്റിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**19.** പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളുടെ കരിയർ ഗൈഡൻസ് ക്ലാസുകൾക്കായി **ഒരു ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**20.** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥി കൾക്ക് മോട്ടിവേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് **ഒരു ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**21.** തുടർ സാക്ഷരതാ പദ്ധതിക്കായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

**22. സാഹിത്യശില്പശാല:** ഹൈസ്കൂൾ ഹയർസെക്കൻഡറി വിദ്യാർ ത്ഥികൾക്കു വേണ്ടി മൂന്നുദിവസം നീണ്ടുനിൽക്കുന്ന സാഹിത്യ ശില് പശാല നടത്തുന്നതിന് **4 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തു ന്നു.

**23. സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ:** നഗരസഭ പരിധിയിലുള്ള സ് കൂളുകളിൽ കുട്ടികൾക്ക് ശുദ്ധജലം നൽകുന്നതിനായി വാട്ടർ പ്യൂരിഫ യർ സ്ഥാപിക്കുന്നതിന് **20 ലക്ഷം രൂപ** വകയിരുത്തുന്നു.

## V ആരോഗ്യമേഖല

ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു പ്രദേശത്തിന്റെ കരു ത്ത്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ആരോഗ്യമേഖലയ്ക്ക് ഈ ഭരണസമിതി ആദ്യവർഷങ്ങൾ മുതൽ തന്നെ വലിയ പ്രാധാന്യം നൽ കിയിട്ടുണ്ട്. ഈ മേഖലയിൽ മാനന്തവാടി നഗരസഭ കാര്യക്ഷമമായി ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഏറെ ശ്ലാഘിക്കപ്പെട്ടിട്ടുള്ളതാണ്. കു റുക്കൻമൂല പി എച്ച് സിയും അതിനു കീഴിലുള്ള സബ് സെന്ററുകൾ, പയ്യമ്പള്ളിയിലും പിലാക്കാവിലും ആരംഭിച്ച ഹെൽത്ത് ആൻഡ് വെൽ നസ് സെന്ററുകൾ എന്നിവ പൊതുജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാ യിട്ടുണ്ട്. മാനന്തവാടി നഗരസഭയിലെ ദൂരസ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ചികിത്സാസൗകര്യം ഉറപ്പുവരുത്തിയ ഈ പദ്ധതികൾ വി ജയകരമായി തുടർന്നുകൊണ്ടിരിക്കുന്നു. ആരോഗ്യമേഖലയിൽ 2025-26 വാർഷികബജറ്റിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ വിഭാവനം ചെയ്യു

ന്നു:

**1.** വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി വയോജന ക്ലിനിക്കുകൾ നഗരസഭ ആരംഭിക്കുകയും പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടക്കുകയും ചെയ്യുന്നുണ്ട്. ക്ലിനിക്കുകളുടെ നടത്തിപ്പിനായി **3 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**2.** വയോജനങ്ങളുടെ മാനസിക ശാരീരിക ഉല്ലാസത്തിനായി വയോജനസംഗമവും മേളയും സംഘടിപ്പിക്കുന്നതിനായി **2 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**3.** മാനന്തവാടി നഗരസഭയുടെ കീഴിലുള്ള ആരോഗ്യ ഉപ കേന്ദ്രങ്ങൾക്ക് ലാപ്ടോപ്പുകൾ വാങ്ങിനൽകുന്നതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**4.** മുൻസിപ്പാലിറ്റിയിലെ 36 ഡിവിഷനുകളിലും കിടപ്പുരോഗികൾക്ക് നൽകിവരുന്ന സാന്ത്വനപരിചരണ പ്രവർത്തനങ്ങൾക്കായി **10 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**5.** മുൻസിപ്പൽ പരിധിയിൽ അർബൻ പി എച്ച് സി കൾ ആരംഭിക്കുന്നതിനായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**6.** പിലാക്കാവ് ഇന്ദിരാഗാന്ധി ഹെൽത്ത് ആൻഡ് വെൽനസ് സെൻററിൽ മോണിംഗ് ഓ പി ബ്ലോക്ക് നിർമ്മാണം, മരുന്നുവാങ്ങൽ, അനുബന്ധസൗകര്യങ്ങൾ ഒരുക്കുക എന്നിവയ്ക്കായി **50 ലക്ഷം** രൂപ വകയിരുത്തുന്നു.

**7.** വയോമിത്രം പദ്ധതിക്കായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**8.** ആയുർവേദ ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യ വികസന ത്തിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു

**9.** മാനന്തവാടി നഗരസഭയിലെ ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർ ത്തനങ്ങൾക്ക് **10 ലക്ഷം** രൂപ വകയിരുത്തുന്നു.

**10.** മഴക്കാലപൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന ങ്ങൾ, സിക്കിൾ സെൽ അനീമിയ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങി വയ്ക്കായി ഈ ബജറ്റിൽ **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**11.** പയ്യമ്പള്ളി രാജീവ് ഗാന്ധി ഹെൽത്ത് ആൻഡ് വെൽനസ് സെൻറർ പിലാക്കാവ് ഇന്ദിരാഗാന്ധി ഹെൽത്ത് ആൻഡ് വെൽനസ് സെൻറർ എ ന്നിവിടങ്ങളിൽ പോളി ക്ലിനിക് ആരംഭിക്കുന്നതിനായി **20 ലക്ഷം രൂപ** വ കയിരുത്തുന്നു.

**12.** മാനന്തവാടി നഗരസഭയിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പെൻ സറിയിൽ ചികിത്സിക്കായി എത്തുന്ന വയോജനങ്ങൾക്ക് ഏറെ ആശ്വാ സകരമായ രീതിയിൽ സേവനം ചെയ്യുന്നതിന് നഗരസഭയ്ക്ക് സാധിക്കു ന്നുണ്ട്. എക്സ്റ്റൻഷൻ ഒ. പിയിലേക്കും ആയുർവേദ ഡിസ്പെൻസറിയി ലേക്കും മരുന്നു വാങ്ങുന്നതിനായി **40 ലക്ഷം രൂപ** ഈ ബജറ്റിൽ വകയി രുത്തുന്നു.

## VI പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം

വയനാടിന്റെ സാംസ്കാരികമേഖലയിൽ തനതായ സംഭാ വനകൾ നൽകുന്ന ജനവിഭാഗമാണ് ഗോത്രജനത. വയനാടൻ മണ്ണിന്റെ നന്മകൾ തിരിച്ചറിഞ്ഞ ഗോത്രജനത നാളുകൾ പിന്നിട്ട് സാംസ്കാരിക വളർച്ചയുടെ പടവുകൾ താണ്ടി സാമൂഹികവൽക്കരണത്തിന്റെ ഭാഗമാ യി കഴിഞ്ഞിരിക്കുന്നു. 2025-26 വർഷത്തെ പട്ടികജാതി പട്ടികവർഗ്ഗ വി

ഭാഗങ്ങൾക്കായി വിഭാവനം ചെയ്യുന്ന പദ്ധതികൾ:

**1.** മദ്യം, മയക്കുമരുന്ന്, തുടങ്ങിയ ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ ക്ലാസുകൾ, ക്യാമ്പുകൾ എന്നിവ ഉന്നതികളിൽ സംഘടിപ്പിക്കുന്നതിനായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**2.** മാനന്തവാടി നഗരസഭ വളരെ ഉപകാരപ്രദമായ രീതിയിൽ നടത്തിവരുന്ന പദ്ധതിയാണ് എസ് ടി കുടുംബങ്ങളുടെ ഭവനനവീകരണം. മുൻവർഷങ്ങളിലായി മുന്നൂറിൽപരം വ്യക്തികൾക്ക് ഭവന നവീകരണം നടത്താൻ കഴിഞ്ഞുവെന്നതും നിലവിൽ പദ്ധതി തുടർന്നുകൊണ്ടിരിക്കുന്നതും ചാരിതാർഥ്യജനകമാണ്. ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ ഈ പ്രവർത്തനങ്ങളെല്ലാം ഉപകാരപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്കായി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**3.** പട്ടികവർഗ്ഗ/ പട്ടികജാതിവിഭാഗത്തിലെ വനിതകൾക്ക് സാമ്പത്തിക പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മുന്നോട്ടുവയ്ക്കുന്നസ്വയംതൊഴിൽ പദ്ധതിക്കായി **10 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു

**4.** മാതൃക ഉന്നതി: മാനന്തവാടി നഗരസഭയിലെ ഉന്നതികളിൽ നിന്ന് ഒരു ഉന്നതിയെ തിരഞ്ഞെടുക്കുകയും നിശ്ചിത ഉന്നതിയിലെ സാമ്പത്തിക സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സമഗ്ര പദ്ധതി നടപ്പിലാക്കുന്നതിനായി **ഒരു കോടി രൂപ** വകയിരുത്തുന്നു.

**5.** എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ പഠനമുറി എന്നി

വക്കായി  ഈ ബഡ്ജറ്റിൽ **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**6.** എസ് ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ പഠനമുറി എന്നിവയ്ക്കായി ഈ ബജറ്റിൽ **10 ലക്ഷം രൂപ** വകയിരുത്തുന്നു .

7. എസ് സി വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനായി ഈ ബജറ്റിൽ **5 ലക്ഷം രൂപ** വകയിരുത്തുന്നു.

## VII  മാലിന്യമുക്ത മാനന്തവാടി

ഒട്ടേറെ പരിമിതികളുടെയും പരാധീനതകളുടെയും ഇടയിലാണ്  മാനന്തവാടി നഗരസഭയുടെ മാലിന്യസംസ്കരണം തൃപ്തികരമായ രീതിയിൽ നടന്നുകൊണ്ടിരിക്കുന്നത്.  ഊർജിതമായ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് 2025-26 വാർഷിക ബജറ്റിൽ ഒട്ടേറെ പദ്ധതികൾ  വിഭാവനം ചെയ്യുന്നുണ്ട്:

**1.** മാനന്തവാടി നഗരസഭയിൽ 36 ഡിവിഷനുകളിലും മിനി എം സി എസ് പ്രവർത്തിച്ചുവരുന്നു. ഡിവിഷനുകളിൽ നിന്ന് ലഭിക്കുന്ന  അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക്  വേർതിരിക്കാനും ശേഖരിച്ചുവയ്ക്കാനും ഉള്ള എംസിഎഫ് നിർമ്മാണത്തിനായി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**2.** ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മാനന്തവാടി നഗരസഭയിൽ വളരെ നല്ല രീതിയിൽ നടന്നുവരുന്നുണ്ട്.  ആയതിനാൽ നഗരസഭയിലെ ഹരിതകർമ്മസേനയുടെ തൊഴിൽ സാഹചര്യവും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിനായി **10 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**3.** ഹരിത കർമ്മസേന അംഗങ്ങളുടെ ആരോഗ്യപരിരക്ഷക്കായി ഇൻഷുറൻസ് പദ്ധതികൾ ആരംഭിക്കുന്നതിനായി **2 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**4.** ഉറവിടമാലിന്യ സംസ്കരണ ഉപാധികളായ ജി-ബിൻ, ബയോഗ്യാസ് പ്ലാന്റുകൾ, കിച്ചൻ ഡൈജസ്റ്റർ പോട്ടുകൾ, റിംഗ് കമ്പോസ്റ്റ് എന്നിവ മുൻവർഷങ്ങളിൽ മാനന്തവാടി നഗരസഭയിലെ 36 ഡിവിഷനുകളിലും വിതരണം ചെയ്യാൻ കഴിഞ്ഞുവെന്ന് അഭിമാനാർഹമാണ്. നിശ്ചിത പദ്ധതിക്കായി ഈ ബജറ്റിൽ **50 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**5.** ആരോഗ്യ വിഭാഗം വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ ശുചീകരണ സാമഗ്രികൾ വാങ്ങൽ, റിജെക്ട് മാലിന്യങ്ങൾ കയറ്റി അയക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി **50 ലക്ഷം** രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

**6.** ആരോഗ്യവിഭാഗത്തിന് വാഹനം വാങ്ങുന്നതിനായി **15 ലക്ഷം രൂപ** വകയിരുത്തുന്നു.

**7. ശാന്തിതീരം:** മാനന്തവാടി നഗരസഭയുടെ സ്വപ്നപദ്ധതിയായിരുന്നു ഗ്യാസ് ക്രിമിറ്റോറിയം. ഈ പദ്ധതി പൂർത്തീകരിച്ച് നാടിന് സമർപ്പിക്കുവാൻ ഭരണസമിതിക്ക് കഴിഞ്ഞുവെന്നത് ഏറെ അഭിമാനകരമാണ്. മാനന്തവാടി മുനിസിപ്പൽ പരിധിയിലെ എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി തങ്ങളുടെ പ്രിയപ്പെട്ടവരുടെ അന്ത്യകർമ്മങ്ങൾ നിർവഹിക്കാനുള്ള സൗകര്യം ഭരണസമിതി ഏർപ്പെടുത്തുന്നുവെന്നത് നാടിനു വലിയ ആശ്വാസമാണ്. മാനന്തവാടി നഗരസഭയുടെ ശാന്തിതീരം തുടർ നടത്തിപ്പിനായി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

## VIII ദുരന്തനിവാരണം

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി വയനാടിന്റെ പരിസ്ഥിതികമേഖല വളരെ അപകടകരമായ സ്ഥിതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നയാണ്. മുണ്ടക്കൈ, ചൂരൽമല ദുരന്തത്തിന്റെ ഓർമ്മകളും വേദനകളും പേറിയാണ് വയനാട്ടിലെ ഓരോ മനുഷ്യനും ജീവിക്കുന്നത്. മലനിരകളുടെയും നദികളുടെയും മനോഹാരിതയ്ക്ക് അപ്പുറം അപകടവും പതിയിരിക്കുന്നു എന്ന യാഥാർത്ഥ്യം നമ്മൾ ഉൾക്കൊള്ളാൻ പഠിച്ചിരിക്കുന്നു. പ്രകൃതിദുരന്തങ്ങളുടെയും മഹാമാരികളുടെയും അനുഭവപാഠങ്ങളിൽ നിന്ന് ദുരന്തനിവാരണത്തിന്റെ ആവശ്യകത മാനന്തവാടി നഗരസഭയ്ക്ക് വ്യക്തമായി ബോധ്യപ്പെട്ടിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾ തുടർക്കഥയാകുന്ന സാഹചര്യത്തിൽ മാനന്തവാടി നഗരസഭ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ 2025-26 വാർഷിക ബജറ്റിൽ താഴെപ്പറയുന്ന പദ്ധതികൾ മുന്നോട്ടുവയ്ക്കുന്നു.

**1.** മാനന്തവാടി മുനിസിപ്പാലിറ്റിയിലെ യുവജനസംഘടനകളെയും ക്ലബ്ബുകളെയും സാമൂഹ്യപ്രവർത്തകരെയും ചേർത്തുകൊണ്ട് ദ്രുതകർമ്മസേനാ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ക്ലാസുകൾ പരിശീലനപരിപാടികൾ എന്നിവ സംഘടിപ്പിക്കാനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ഹെൽപ്പ് ഡെസ്ക് സംവിധാനങ്ങൾ ഒരുക്കുന്നതിനും ഷെൽട്ടർ ഹോമുകൾ ഒരുക്കുക സുരക്ഷ ഉപകരണങ്ങൾ സജ്ജമാക്കുക എന്നീ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി **50 ലക്ഷം രൂപ** 2025-26 വാർഷിക ബജറ്റിൽ വകയിരുത്തുന്നു.

## IX വനിതാവികസനം

സ്ത്രീസൗഹൃദപരവും ലിംഗനീതിയിൽ അധിഷ്ഠിത

വുമായ ഒരു സമൂഹത്തിലേയ്ക്കുള്ള പരിവർത്തനത്തെ അടയാളപ്പെടുത്താൻ മാനന്തവാടി നഗരസഭ എന്നും പ്രതിജ്ഞാബദ്ധമാണ്. വനിതാവികസനത്തെക്കുറിച്ചുള്ള നൂതന കാഴ്ചപ്പാടുകൾ വച്ചുകൊണ്ട് നിരവധി പദ്ധതികൾ ഭരണസമിതി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ത്രീസൗഹൃദ നഗരസഭ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി മുൻവർഷങ്ങളിൽ നഗരസഭ മുന്നോട്ടുവച്ച പദ്ധതികളായ സ്ത്രീ രോഗനിർണയ ക്യാമ്പുകൾ, മെൻസ്ട്രൽ കപ്പ് വിതരണം എന്നിവ സ്ത്രീ ശ്രദ്ധ ആകർഷിച്ചവ തന്നെയാണ്. സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള പദ്ധതികളിലൂടെ മുൻസിപ്പൽ പരിധിയിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം എന്ന ലക്ഷ്യത്തോടെയാണ് വനിതാവികസന പദ്ധതികൾ ഭരണസമിതി വിഭാവന ചെയ്തിട്ടുള്ളത്.

സാമ്പത്തികമായും സംഘടനാപരമായും ലോകത്തിലെ ഏറ്റവും ശക്തമായ സ്ത്രീ സംഘടനയാണ് കുടുംബശ്രീ . സാധാരണക്കാരായ കുടുംബങ്ങളുടെ ആശ്രയവും അത്താണിയുമായി മാറാൻ കുടുംബശ്രീകൾക്ക് കഴിയുന്നു .സ്ത്രീകൾ സാമ്പത്തിക വളർച്ച നേടിയതിലൂടെ കുടുംബങ്ങളിലും സമൂഹത്തിലും അംഗീകരിക്കപ്പെടുന്ന അവസ്ഥയുണ്ടായി .

മാനന്തവാടി നഗരസഭയുടെ കീഴിൽ രണ്ട് സിഡിഎസ് കളിലായി ഏകദേശം 564 ഓളം കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഈ രണ്ട് സിഡിഎസ് കളുടെ കീഴിലായി ഏകദേശം 400 ഓളം സ്വയംതൊഴിൽ സംരംഭങ്ങളും വിജയകരമായി നടത്തി വരുന്നുണ്ട്. 2025-26 വാർഷിക ബജറ്റിൽ വനിതകളുടെ സമഗ്രപുരോഗതിക്കായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നു:

**1.** കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഈ ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**2.** വനിതാകാൻറീൻ ആരംഭിക്കുന്നതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**3.** സ്ത്രീരോഗനിർണയ ക്യാമ്പിനും മരുന്ന് വിതരണത്തിനുമായി ഈ ബജറ്റിൽ **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**4.** വനിതാ ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനത്തിനായി **20 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**5**. സ്ത്രീകളുടെ ആരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മെൻസ്ട്രൽ കപ്പ് വിതരണം എന്ന പദ്ധതിക്കായി **3 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

**6.** വനിതകൾക്ക് പിഎസ്സി കോച്ചിംഗ് നൽകുന്നതിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**7.** വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മുൻവർഷങ്ങളിൽ മാനന്തവാടി നഗരസഭ തയ്യൽ മെഷീൻ വിതരണ പദ്ധതി വളരെ വിജയകരമായി പൂർത്തീകരിച്ചിരുന്നു. ഈ പദ്ധതിയിലൂടെ തയ്യൽ മെഷീൻ വാങ്ങുന്നതിനായി **42 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

**8.** ശാരീരിക മാനസിക ഉന്മേഷം വനിതകൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് യോഗ പരിശീലനം. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**9.** വനിതകൾക്ക് ബ്യൂട്ടീഷൻ കോഴ്സ് പരിശീലന പദ്ധതിക്കായി **10 ലക്ഷം** രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

**10.** മാനന്തവാടി നഗരസഭയിലെ കുടുംബശ്രീ അംഗങ്ങൾക്ക് സ്വയം സംരംഭകത്വ
പ്രോത്സാഹനം നൽകുന്നതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## X യുവജനക്ഷേമം

സാമൂഹ്യപ്രതിബദ്ധതയുള്ള യുവതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ മാനന്തവാടി നഗരസഭ യുവജനങ്ങൾക്കായി ഈ ബജറ്റിൽ നിരവധി പദ്ധതികൾ വിഭാവനം ചെയ്യുന്നു. ദിശാബോധമുള്ള യുവജന തലമുറ ഒരു നാടിന്റെ അഭിമാനമാണ്. വർധിച്ചുവരുന്ന ലഹരി ഉപയോഗത്തിൽ നിന്നും യുവജനങ്ങളെ മോചിപ്പിക്കുക എന്ന ദൗത്യവും ഭരണസമിതിക്ക് ചെയ്യാനുണ്ട് എന്ന് ബോധ്യത്തിൽ നിന്നുകൊണ്ട് 2025-26 ബജറ്റിൽ ചുവടെചേർക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നു:

**1.** കോളേജുകൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണക്ലാസുകൾ, ലഹരിവിരുദ്ധപ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനായി **3 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.
**2.** യൂത്ത് ക്ലബ് പ്രവർത്തനങ്ങൾക്കായി 3 **ലക്ഷം രൂപ** വകയിരുത്തുന്നു.
3. കേരളോത്സവം: മാനന്തവാടി നഗരസഭയിലെ യുവജനങ്ങളുടെ കലാകായിക കഴിവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി മുൻവർഷങ്ങളിൽ വളരെ വിജയകരമായി നടപ്പിലാക്കിയ കേരളോത്സവം നടത്തുന്നതിനായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

## XI വിനോദസഞ്ചാര മേഖല

വയനാടിന്റെ പ്രകൃതിഭംഗി ആസ്വദിക്കുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നിരവധി ടൂറിസ്റ്റുകൾ വയനാട്ടിൽ വർഷം തോറും വരുന്നുണ്ട് മാനന്തവാടി മുൻസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം നിരവധി ടൂറിസ്റ്റ് കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശമായതിനാൽ തന്നെ 2025-26 വാർഷിക ബജറ്റിൽ വിനോദസഞ്ചാര മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നു.

**1.** ടൂറിസം ഫെസിലിറ്റേഷൻ സെന്ററുകൾ: കൂടൽക്കടവ്, കരിങ്കുളം, കുറുവാ തുടങ്ങിയ വിനോദസഞ്ചാര ഇടങ്ങൾ കേന്ദ്രീകരിച്ച് ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിലേക്കായി ഈ ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**2.** അമൃത് 2.0 പാർക്ക് ചൂട്ടക്കടവിൽ ആരംഭിക്കുന്നതിലേക്കായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**3.** പഞ്ചാരകൊല്ലിയിലെ പ്രിയദർശനി എസ്റ്റേറ്റിൽ സാഹസികട ൂറിസത്തിന് സാധ്യതയുള്ളതിനാൽ ഈയൊരു പദ്ധതി നടപ്പിലാക്കുന്നതിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു.

4. ജൈവവൈവിധ്യ പാർക്കിന്റെ പ്രവർത്തനങ്ങൾക്കും വിപുലീകരണത്തിനുമായി **10 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

## XII മാസ്റ്റർ പ്ലാൻ പ്രകാരം വിഭാവന ചെയ്യുന്ന പ്രധാന പദ്ധതികളും ദിശാസൂചികളും 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പദ്ധതി നിർദ്ദേശങ്ങൾ

**1. എം സി എഫ്, ആർ ആർ എഫ്**

നഗരസഭയിലെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി എല്ലാ വാർഡുകളിലും ഒരു മിനി ങഇഎളം ചിറക്കരയിൽ ഒരു RRF (Reosurce recovery centre) വിഭാവനം ചെയ്യുന്നു. ഈ സാമ്പത്തിക വർഷം 3 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു മിനി MCE എന്ന രീതിയിൽ ആകെ 12 MCF നിർമിക്കുന്നതിനുള്ള പദ്ധതി.

**2. കുട്ടികളുടെ പാർക്ക്**

'ഒരു വാർഡിൽ ഒരു കളിസ്ഥലം' എന്ന വിഭാവിത പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽ പാലാക്കുളിയിൽ ഒരു കുട്ടികളുടെ പാർക്ക്. പ്രസ്തുത സ്ഥലത്ത് കളിസ്ഥലം, നടപ്പാത, കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ, ഉദ്യാനം, വൈദ്യുതിവൽക്കരണം ഉൾപ്പെടെയുള്ള പദ്ധതി

**3. പുഴയോര പാർക്ക്**

ജലസമൃദ്ധമായ മാനന്തവാടിപ്പുഴയുടെ ഭംഗി നുകരുവാനും നഗരസഭയിലെ ജനങ്ങൾക്ക് ഒഴിവു സമയം ചിലവിടാനും കഴിയുന്ന തരത്തിൽ പുഴയോര പാർക്കുകൾ നഗരസഭയുടെ പല ഭാഗങ്ങളിലായി വിഭാവനം ചെയ്യുന്നു. ആദ്യഘട്ടമെന്ന നിലയ്ക്ക് വള്ളിയൂർക്കാവ് പാലത്തിനു താഴെ വരുന്ന ഏഷരട ഒരു പുഴയോരപാർക്കായി വികസിപ്പിക്കുന്നതിനും നടപ്പാതകൾ, തണൽ മരങ്ങൾ, ഇരിപ്പിടങ്ങൾ, വൈദ്യുതി ദീപങ്ങൾ, പുഴയിൽ ബോട്ടിംഗ് ഉൾപ്പെടെ വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

**4. ഓപ്പൺ സ്റ്റേഡിയം @ ചൂട്ടക്കടവ്**

താഴെയങ്ങാടിയിൽ മുൻസിപ്പാലിറ്റിയുടെ കൈവശമുള്ള ഭൂമിയിൽ ഒരു ഓപ്പൺ സ്റ്റേഡിയം നിർമിക്കുന്നതിനുള്ള പദ്ധതി. ഗ്രൗണ്ടിന് ചുറ്റുമതിൽ നിർമാണം, ഗാലറി, കുടിവെള്ള സാനിറ്റേഷൻ സൌകര്യങ്ങൾ, ഫുട്ബോൾ & ബാസ്ക്റ്റ് ബോൾ കോർട്ടുകൾക്കുള്ള സൌകര്യങ്ങൾ; പാർക്കിംഗ് ഉൾപ്പെടെയുള്ള പദ്ധതി

## 5. ഊർപ്പള്ളി ടൂറിസം പദ്ധതി

നഗരസഭയുടെ അധീനതയിലുള്ള ഊർപ്പള്ളി തടാകം സുരക്ഷാ വേലി, കഫറ്റീരിയ, വിശ്രമ കേന്ദ്രം, ബോട്ടിംഗ്, ടെന്റുകൾ, മീൻ പിടുത്തത്തിനുള്ള പ്രത്യേക സ്ഥലം, ഇരിപ്പിടങ്ങൾ, വൈദ്യുത അലങ്കാരങ്ങൾ, തുടങ്ങിയവ ഉൾപ്പെടുത്തിയും പ്രസ്തുതസ്ഥലത്തോട് ചേർന്ന് നിൽക്കുന്ന ഖമശി ഠലാുഹല ആയി ബന്ധപ്പെടുത്തിയും ഒരു ടൂറിസം ഡെസ്റ്റിനേഷൻ ആയി ഉയർത്തുന്നതിനുള്ള പദ്ധതി. സ്ഥലം റെവന്യൂ വകുപ്പിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കണം.

## 6. പൈതൃകപാത

പഴശ്ശി പാർക്ക്-പഴശ്ശി സ്മാരകം ബ്രിട്ടീഷ് സെമിത്തേരി എന്നിവയെ ബന്ധിപ്പിച്ച്കൊണ്ട് ഒരു പൈതൃകപാത രൂപീകരിക്കുകയും പ്രസ്തുത പാതയുടെ ഇരുവശങ്ങളിലുമുള്ള മതിലുകളിൽ വയനാടിന്റെ ചരിത്രം രേഖപ്പെടുത്തുകയും ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതി.

## 7. കൂടൽകടവ് - ചാലിഗദ്ദ  പുഴയോര റോഡ്

കൂടൽക്കടവ് പാലത്തിനെയും - കുറുവാ ദ്വീപിനെയും ചാലിഗദ്ദ കോളനിയിലൂടെ ബന്ധിപ്പിക്കുന്ന കൂടൽക്കടവ് - ചാലിഗദ്ദ പുഴയോര റോഡിന്റെ ടൂറിസം പ്രധാന്യം കണക്കിലെടുത്ത് പ്രസ്തുത റോഡിന് നടപ്പാത, ഇരിപ്പിടങ്ങൾ, വൈദ്യുത അലങ്കാരങ്ങൾ, തണൽ മരങ്ങൾ എന്നിവ നൽകികൊണ്ട് സായാഹ്നം ചിലവഴിക്കാൻ കഴിയുന്ന ഒരു പിക്നിക് ഏരിയ ആക്കിന്നതിനുള്ള പദ്ധതി.

## 8. ടൌൺ സ്ക്വയർ

നഗരസഭയിലെ പൊതുയോഗങ്ങൾ, രാഷ്ട്രീയ പാർട്ടി പരിപാടികൾ തുടങ്ങിയവ ഗാന്ധി പാർക്ക് ജംഗ്ഷനിൽ ഉണ്ടാക്കുന്ന തിരക്കും ഗതാഗതകുരുക്കും ഒഴിവാക്കുന്നതിന് ഇത്തരം പരിപാടികൾ നടത്തുന്നതിന് ഒരു ഓ

പ്പൺ സ്ഥലം നിർമിക്കാൻ വിഭാവനം ചെയ്യുന്നു. ലിറ്റിൽ ഫ്ലവർ സ്കൂളിന് എതിർവശത്തായി ഇതിനായി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭം പ്രവർത്തനങ്ങൾക്ക് തുക വിലയിരുത്തുന്നതിനുള്ള പദ്ധതി

**9. ബസ് ടെർമിനൽ**

താഴെയങ്ങാടി നിലവിലെ ഗടഞ്ഞാഇ, ബസ് ടെർമിനൽനോട് ചേർന്ന് ബസ് ടെർമിനൽ നിർമിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

**10. ട്രക്ക് ടെർമിനൽ**

നഗരസഭയുടെ മാസ്റ്റർ പ്ലാനിൽ നിർദേശിച്ചിരിക്കുന്ന സ്ഥലത്ത് ട്രക്ക് ടെർമിനൽ നിർമിക്കുന്നതിനായി സ്ഥലം ആരംഭിക്കുന്നതിനുള്ള പദ്ധതി. ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

**11. ടൌൺ ഹാൾ (ഗാന്ധി പാർക്ക്)**

നഗരസഭയുടെ മാസ്റ്റർ പ്ലാനിൽ നിർദേശിച്ചിരിക്കുന്ന സ്ഥലത്ത് ടൌൺ ഹാൾ നിർമിക്കുന്നതിനായി സ്ഥലം ആരംഭിക്കുന്നതിനുള്ള പദ്ധതി. ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ

